**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2608** **12-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. നജീബ് കാന്തപുരം | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതി പിരിച്ചു വിടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഭരണസമിതിയെ പിരിച്ച് വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ബാങ്കിൽ ഭരണസ്തംഭനം നിലനിൽക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിനാൽ കേരള സഹകരണ നിയമം വകുപ്പ് 33(1)(b) പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ബാങ്കിന്റെ വാർഷിക പൊതുയോഗം 30/09/2021-ന് നടത്തുന്നതിന് നിശ്ചയിച്ച് അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. പൊതുയോഗ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതിന് ഒബ്സർവറെ നിയമിക്കണമെന്ന ബാങ്ക് പ്രസിഡന്റിന്റെയും ഭരണസമിതി അംഗങ്ങളുടെയും അപേക്ഷയുടെ അടിസ്ഥാനത്തിൽ ബാങ്കിന്റെ പൊതുയോഗത്തിൽ പങ്കെടുത്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 29(2) പ്രകാരം സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ)നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ടി ഉദ്യോഗസ്ഥൻ ബാങ്കിന്റെ പൊതുയോഗത്തിൽ പങ്കെടുത്ത് ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആകെയുള്ള 76 അംഗങ്ങളിൽ 75 അംഗങ്ങൾ പൊതുയോഗത്തിൽ പങ്കെടുത്തു. കോടതി നിർദ്ദേശം ഉണ്ടായിരുന്നതിനാൽ അജണ്ടയിലെ ഒന്നാമത്തെ ഇനമായ അവിശ്വാസ പ്രമേയം പൊതുയോഗം പരിഗണിച്ചില്ല. അജണ്ടയിലെ രണ്ടാമത്തെ ഇനമായ 2020-21 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്, 2021-22 വർഷത്തെ ബഡ്ജറ്റ്, മൂന്നാമത്തെ ഇനമായ ആഡിറ്ററുടെ നിയമനം, നാലാമത്തെ ഇനമായ സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് ചെയ്ത കണക്കുകളുടെ അവതരണം, അഞ്ചാമത്തെ ഇനമായ ലാഭ വിഭജനം, |

| | | | |
|---|---|---|---|
| | | | ആറാമത്തെ ഇനമായ ആഡിറ്റ് ന്യൂനത പരിഹരണം എന്നിവ പൊതുയോഗത്തിൽ പാസാക്കുന്നത് സംബന്ധിച്ച് വോട്ടെടുപ്പ് വേണമെന്ന ആവശ്യം ഉയർന്നതിനെ തുടർന്ന് രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ വോട്ടെടുപ്പ് നടത്തുന്നതാണെന്ന് യോഗാദ്ധ്യക്ഷനായ പ്രസിഡന്റ് അറിയിച്ചു. വോട്ടെടുക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് 35 പേർ യോഗം ബഹിഷ്കരിക്കുകയും പിന്നീട് നടന്ന വോട്ടെടുപ്പിൽ 40 അംഗങ്ങൾ രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ വോട്ട് ചെയ്യുകയും ചെയ്തു. വോട്ടെണ്ണലിൽ ടി വോട്ടുകൾ എല്ലാം അജണ്ടകൾ പാസാക്കുന്നതിനെ എതിർത്തു കൊണ്ടായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടു. പൊതുയോഗത്തിലെ അജണ്ടയിലെ 2 മുതൽ 6 വരെയുള്ള ഇനങ്ങൾ പൊതുയോഗം അംഗീകരിക്കാത്ത സാഹചര്യത്തിൽ ബാങ്കിൽ ഭരണസ്തംഭനം നിലനിൽക്കുന്നതായി നിരീക്ഷകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. ബാങ്ക് പ്രവർത്തനത്തിനായുള്ള വാർഷിക ബഡ്ജറ്റും വരവ് ചെലവ് കണക്കുകളും ആഡിറ്റ് റിപ്പോർട്ടും അവതരിപ്പിച്ച് പാസാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭരണസ്തംഭനം ഉണ്ടായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുന്നതായും തന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ബാങ്കിന്റെ അധികാരം ഒഴിയുന്നതായും ബാങ്ക് പ്രസിഡന്റ് ശ്രീ. സോളമൻ അലക്സ് രേഖാമൂലം അറിയിച്ചിരുന്നു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 33(1) (aa) പ്രകാരമുള്ള പൂർണ്ണ ഭരണസ്തംഭനം നിലനിൽക്കുന്നു എന്ന് ഉത്തമബോദ്ധ്യം വന്നതിനാൽ ബാങ്കിലെ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 33(1) (b) പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയാണ് ഉണ്ടായിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റർ ബാങ്കിന്റെ ഭരണചുമതല 01.10.2021- ന് ഏറ്റെടുത്തെങ്കിലും WP(C)21049/21 ൻ മേലുള്ള ബഹു.ഹൈക്കോടതിയുടെ 4/10/2021 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കിന്റെ ഭരണ ചുമതല 05/10/2021 ന് ഭരണസമിതിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ ബാങ്കുമായി ബന്ധപ്പെട്ട പ്രാഥമിക ബാങ്കുകളിൽ ഏതിന്റെയെങ്കിലും ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ ഭരണം ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ; | (ബി) | വിവിധ കാരണങ്ങളാൽ ഭരണ സമിതിയെ പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. വൈക്കം താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ കെ 951 -നെ ക്രമക്കേട് ബോധ്യപ്പെട്ടതിനാൽ അഡ്മിനിസ്ട്രേറ്ററെ ഭരണം |

| | | | |
|---|---|---|---|
| | | | ഏല്പിച്ചിരിയ്ക്കുന്നു 2. മീനച്ചിൽ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ കെ.197 -നെ ഭരണ സമിതിയുടെ ക്വോറം നഷ്ടപ്പെട്ടതിനാൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്ററെ ഭരണം ഏല്പിച്ചിരിയ്ക്കുന്നു. 3. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ സഹകരണ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ 4389 - നെ പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർ ചേർന്ന് വായ്പ തട്ടിപ്പ് നടത്തിയെന്ന പരാതിയെ തുടർന്ന് 31.05.2019 ൽ ഇന്ത്യൻ ശിക്ഷാ നിയമം വകുപ്പ് 403, 409,420 എന്നിവ പ്രകാരം 1529 നമ്പർ എഫ്. ഐ.ആർ ഫയൽ ചെയ്തിട്ടുള്ളതാണ്. വായ്പ ക്രമക്കേടുകൾ സംബന്ധിച്ച് 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം നടത്തിയ പരിശോധനയിൽ സംഘത്തിൽ പ്രസിഡന്റും, ഭരണസമിതിയും ചേർന്ന് വായ്പ തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് 26.09.2019 തീയതിയിൽ ഭരണ സമിതിയെ സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചു. |
| (സി) | തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘ ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ ഭരണം ഏൽപ്പിക്കുന്ന നടപടി അവസാനിപ്പിക്കാൻ തയ്യാറാകുമോ; വെളിപ്പെടുത്താമോ? | (സി) | സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ കേരള സഹകരണ നിയമത്തിലും, ചട്ടങ്ങളിലും, ഉപ നിബന്ധനകളിലും ചുമതലപ്പെടുത്തപ്പെട്ട കർത്തവ്യങ്ങൾ ചെയ്യുന്നതിലുള്ള നിരന്തര വിഴ്ചകളും, അവ നിറവേറ്റുന്നതിൽ അലംഭാവം കാണിക്കുകയോ, സംഘത്തിന്റെ താല്പര്യത്തിനു ഹാനികരമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുകയോ; നിയമത്തിലോ, ചട്ടങ്ങളിലോ പറയും പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും നിയമാനുസൃതമായ ഉത്തരവോ, നിർദ്ദേശമോ മന:പൂർവ്വം അനുസരിക്കാതിരിക്കുകയോ പാലിക്കുന്നതിനു വീഴ്ചവരുത്തുകയോ; നിയമത്തിലെ ചട്ടങ്ങൾക്കോ, ഉപനിബന്ധനകൾക്കോ, വിരുദ്ധമായി ഏതെങ്കിലും തുക കൊടുക്കുകയോ, അല്ലെങ്കിൽ വിശ്വാസ വഞ്ചനയാലോ, മനപൂർവ്വമായ അലംഭാവത്തോടെ സംഘത്തിന്റെ ആസ്തികൾക്ക് ഏതെങ്കിലും നഷ്ടമോ, ഹാനിയോ ഉണ്ടാക്കുകയോ; രേഖകൾ ദുരുപയോഗപ്പെടുത്തുകയോ, നശിപ്പക്കുകയോ, അല്ലെങ്കിൽ അവയ്ക്കു ഹാനിവരുത്തുകയോ, അല്ലെങ്കിൽ ഏതെങ്കിലും തിരിമറിയോ തെറ്റായ നടപടിയോ മറച്ചുവെയ്ക്കുന്നതിനു രേഖകൾ നശിപ്പിക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നു എന്ന് സഹകരണ സംഘം രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം, സംഘങ്ങളുടെയും സംഘാംഗങ്ങളുടെയും |

| | | | |
|---|---|---|---|
| | | | ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് അടിയന്തിര ഘട്ടങ്ങളിൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘങ്ങളുടെ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണം ഏൽപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ